**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1788** **29-09-2025 - ൽ മറുപടിയ്ക്ക്**

**കലാലയങ്ങളുടെ റാങ്കിങ്ങും അക്രഡിറ്റേഷനും**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. പി.പി. സുമോദ്</td><td colspan="2">ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് കോളേജുകളുടേയും സർവകലാശാലകളുടേയും റാങ്കിംഗ്, അക്രഡിറ്റേഷൻ എന്നിവ നേടുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;</td><td>(എ)</td><td>2025 ലെ എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ സംസ്ഥാനത്തെ 3 സർവ്വകലാശാലകളും 18 കോളേജുകളും ആദ്യത്തെ 100 ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) അംഗീകാര പരിശോധനയിൽ ഉയർന്ന ഗ്രേഡുകൾ ലഭിച്ച കേരളത്തിലെ സർവ്വകലാശാലകൾ<br><br>
<table>
<tr><th>സർവ്വകലാശാല</th><th>ഗ്രേഡ്</th><th>സ്കോർ</th></tr>
<tr><td>കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി</td><td>A+</td><td>3.39</td></tr>
<tr><td>കാലിക്കറ്റ് യൂണിവേഴ്സിറ്റി</td><td>A+</td><td>3.45</td></tr>
<tr><td>കേരള യൂണിവേഴ്സിറ്റി</td><td>A++</td><td>3.67</td></tr>
<tr><td>ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ്</td><td>A+</td><td>3.37</td></tr>
<tr><td>കണ്ണൂർ യൂണിവേഴ്സിറ്റി</td><td>B++</td><td>2.85</td></tr>
<tr><td>മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി</td><td>A++</td><td>3.61</td></tr>
</table></td></tr>
<tr><td>(ബി)</td><td>കലാലയങ്ങളുടെ റാങ്കിംഗ്, അക്രഡിറ്റേഷൻ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ?</td><td>(ബി)</td><td>ദേശീയ അന്തർദേശീയ റാങ്കിംഗിനും അക്രഡിറ്റേഷനും സംസ്ഥാനത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രാപ്തമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF), സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) എന്നിവ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അക്രഡിറ്റേഷൻ, സൂചികകളിൽ മികച്ച റാങ്ക് കരസ്ഥമാക്കുന്നതിനായി</td></tr>
</table>

വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മികച്ച ലബോറട്ടറികൾ സജ്ജീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോഴ്സുകളുടെ സിലബസുകൾ കാലാനുസൃതമായി റീ വാംബ് ചെയ്യുകയും പുതിയ പഠനവിഷയങ്ങൾ ആവശ്യം വേണ്ടുന്ന സന്ദർഭങ്ങളിൽ ചേർക്കുകയും കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. തൊഴിലധിഷ്ഠിതമായ വിഷയങ്ങൾ സിലബസിൽ ഉൾപ്പെടുത്തുകയും ഇന്നൊവേറ്റീവ് പ്രോഗ്രാമുകൾക്കും ടെക്നോളജിക്കും പ്രാധാന്യം നൽകുയും ചെയ്തുവരുന്നു. കൂടാതെ, ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് ക്ലാസ് റൂംസ്, വൈ-ഫൈ കണക്ഷൻ, സെമിനാർ റൂം, ആഡിറ്റോറിയം, ഓപ്പൺ-എയർ തിയേറ്റർ, ഇൻഡോർ-ഔട്ഡോർ സ്പോർട്സ് ആൻഡ് ഗെയിംസ് ഫെസിലിറ്റീസ്, ഓൺലൈൻ ജേർണൽസ് തുടങ്ങിയവ ഉൾപ്പെടെയുള്ള സൗകര്യങ്ങളും നൽകിവരുന്നു. അഫിലിയേറ്റഡ് കോളേജുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി റാങ്കിംഗ്, അക്രഡിറ്റേഷൻ എന്നിവയിൽ മുന്നോട്ട് കൊണ്ടുവരുന്നതിനായി സർവകലാശാലകൾ Internal Quality Assurance Cell (IQAC) വഴിയും മറ്റ് സംവിധാനങ്ങൾ വഴിയും ആരോഗ്യകരമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

തിരഞ്ഞെടുക്കപ്പെട്ട വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസേർച്ച് സെന്റർ Central Sophisticated Instrumentation Facility എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആധുനിക വിവരസാങ്കേതിക വിദ്യ, AI ടെക്നോളജി, വിദ്യാഭ്യാസ മേഖലയിലെ കാലാനുസൃതമായ മാറ്റങ്ങൾ, പുതിയ അഭിരുചികൾ, നവീന ആശയങ്ങൾ എന്നിവ അദ്ധ്യാപനത്തിലും, അദ്ധ്യയനത്തിലും, ഗവേഷണത്തിലും, ഭരണ നിർവ്വഹണത്തിലും ഉപയോഗത്തിൽ കൊണ്ട് വരുന്നതിന് ആവശ്യമായ പരിശീലനം അദ്ധ്യാപകർക്കും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും നൽകി വരുന്നു. വിദ്യാർഥികളുടെ ശാരീരിക- മാനസിക ആരോഗ്യത്തിന് ഗുണകരമായ രീതിയിലുള്ള പദ്ധതികൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിലും, സ്റ്റുഡൻസ് കൗൺസിലറുടെ സേവനമുപയോഗിച്ചും നടത്തി വരുന്നുണ്ട്. വിദേശ സർവ്വകലാശാലകളുമായി ധാരണയിലെത്തി വിദേശ വിദ്യാർത്ഥികളെ സർവ്വകലാശാലയിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. വിവിധ വ്യവസായ

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ, ഇതര സർവ്വകലാശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവരുമായി ധാരണയിലേർപ്പെട്ട് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനും വർക്ക്ഷോപ്പുകളും അക്കാദമിക പരിപാടികളും നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**2025 ലെ എൻ.ഐ.ആർ.എഫ് റാങ്കിംഗ് സംബന്ധിച്ച വിവരം**

| NIRF 2025 | | |
|---|---|---|
| ക്രമ നമ്പർ | സർവ്വകലാശാല | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | കേരള സർവ്വകലാശാല | 42 |
| 2 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി | 50 |
| 3 | മഹാത്മാഗാന്ധി സർവ്വകലാശാല | 79 |

| NIRF 2025 | | |
|---|---|---|
| ക്രമ നമ്പർ | കോളേജുകൾ | റാങ്ക് (ആദ്യത്തെ 100 ൽ) |
| 1 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം | 12 |
| 2 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം | 23 |
| 3 | സാക്രട്ട് ഹാർട്ട് കോളേജ്, എറണാകുളം | 44 |
| 4 | സെന്റ് തോമസ് കോളേജ്, തൃശ്ശൂർ | 53 |
| 5 | ഗവൺമെന്റ് കോളേജ് ഫോർ വിമൺ, തിരുവനന്തപുരം | 54 |
| 6 | എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി | 56 |
| 7 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം | 60 |
| 8 | മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം | 61 |
| 9 | സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി | 74 |
| 10 | മഹാരാജാസ് കോളേജ്, എറണാകുളം | 75 |
| 11 | വിമല കോളേജ്, തൃശൂർ | 78 |
| 12 | ഫറൂഖ് കോളേജ്, കോഴിക്കോട് | 82 |
| 13 | സെന്റ് ജോസഫ്സ് കോളേജ്, തൃശൂർ | 83 |
| 14 | സി.എം.എസ് കോളേജ്, കോട്ടയം | 86 |
| 15 | ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട | 87 |
| 16 | മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം | 92 |
| 17 | യൂണിയൻ ക്രിസ്ത്യൻ കോളേജ്, എറണാകുളം | 96 |
| 18 | ഗവൺമെന്റ് കോളേജ്, ആറ്റിങ്ങൽ | 99 |

സെക്ഷൻ ഓഫീസർ